സാമൂഹ്യ ജലസേചന പദ്ധതി

29 (2579) ശ്രീ. എൻ. ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന സാമൂഹ്യ ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി അനുസരിച്ച് ജില്ലയിൽ എത്ര ജലസേചന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പദ്ധതി മുഖാന്തിരം എത്ര ഏക്കർ സ്ഥലത്ത് പുതിയതായി ജലസേചന സൗകര്യം ലഭിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതി മുഖേന കുഴിച്ച കുഴൽക്കിണറുകൾ എത്ര ;

(ഇ) പ്രസ്തുത പദ്ധതി അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന കേരള സാമൂഹ്യജലസേചന പദ്ധതി പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്.

(ബി) അഞ്ചു കൂടിവെള്ള പദ്ധതികൾ ഉൾപ്പെടെ 96 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 1037.50 ഏക്കറിൽ

(ഡി) ആകെ 131 എണ്ണം.

(ഇ&എഫ്) ഇല്ല. ഈ പദ്ധതി സമീപത്തുള്ള മൂന്നു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

തയ്യൂർ ലിഫ്റ്റ് ഇറിഗേഷൻ

30 (2596) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ ആവശ്യത്തിനായി വനം വകുപ്പ് സ്ഥലം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത് ;

(സി) പദ്ധതിയുടെ പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly